(ഡി) 2013-14-ൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 3 ലക്ഷം രൂപ ചെലവഴിച്ചു. 2014-15ൽ 10 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 5 ലക്ഷം രൂപ ചെലവഴിച്ചു. 2015-16-ൽ 3 കോടി രൂപ വകയിരുത്തിയിരുന്നതിൽ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ച പ്രകാരം 30 ലക്ഷം രൂപ ട്രഷറിയിൽ അവശേഷിക്കുന്നുണ്ട്.

ബഡ്ജറ്റ് വിഹിതം

76 (1901) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെയുള്ള ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക, യഥാർത്ഥ ചെലവ്, വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) 2006-07 മുതൽ 2010-11 വരെയുള്ള ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക, യഥാർത്ഥ ചെലവ്, വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2006-07 മുതൽ 2015-16 വരയുള്ള ഓരോ സാമ്പത്തിക വർഷവും വിവിധധനാഭ്യർത്ഥനകളിൽ ഓരോ വകുപ്പുകൾക്കായി പദ്ധതി/പദ്ധതിയേതര ചെലവുകൾക്ക് വകയിരുത്തപ്പെട്ട തുക, ചെലവ്, ചെലവഴിച്ച തുകയുടെ ശതമാനം എന്നിവ അനുബന്ധമായി* ചേർക്കുന്നു.

അടിസ്ഥാന സൗകര്യ വികസനം

77 (1902) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ (2011-12) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി ചില പ്രധാന പദ്ധതികൾ പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികളിൽ ഈ സർക്കാരിന്റെ നാലര വർഷത്തെ ഭരണശേഷവും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതെല്ലാം ; വ്യക്തമാക്കുമോ ;

(സി) 2011 മുതൽ ഇതുവരെയുള്ള ഓരോ ബഡ്ജറ്റിലും പ്രസ്തുത പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര വീതം; ഓരോ വർഷവും ഓരോ പദ്ധതിയ്ക്കുമായി അനുവദിക്കപ്പെട്ട തുക എത്രയെന്നും ആയതിൽ ട്രഷറിയിൽ നിന്നും പിൻവലിക്കാതെ അവശേഷിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതി, സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ പദ്ധതി, കണ്ണൂർ വിമാനത്താവളം, മലയോര വികസന അതോറിറ്റി, വർക്കലയുടെ സമഗ്ര വികസനം, കോട്ടയം-കുമരകം-ചേർത്തല ടൂറിസ്റ്റ് ഹൈവേ, വള്ളുവനാട് വികസന അതോറിറ്റി, ഭരണങ്ങാനം വികസന അതോറിറ്റി, ഹിൽ ഹൈവേ, കോട്ടയം മൊബിലിറ്റി ഹബ് തുടങ്ങിയവയാണ് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം പ്രത്യേക പരിഗണന നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടവ.

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) 2011-12 സാമ്പത്തിക വർഷം മുതൽ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം, യഥാർത്ഥ ചെലവ് എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

നബാർഡ് ധനസഹായം ലഭ്യമാക്കാൻ നടപടി

78 (1903) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ആഗസ്റ്റ് 29 ന് ആലപ്പുഴ തീരദേശ ഹൈവേയിൽ വാടാപ്പൊഴി പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കാൻ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട്, അമ്പലപ്പുഴ എം.എൽ.എ.-യുടെ നേതൃത്വത്തിൽ, ആലപ്പുഴ ബിഷപ്പിന്റെ പ്രതിനിധികളും ആക്ഷൻ കൗൺസിൽ പ്രതിനിധികളും അടങ്ങിയ നിവേദക സംഘം ബഹു. ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;പ്രസ്തുത നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

* . ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly